## ബാലഃകരളീയം

# എലിപ്പെണ്ണ് വീണ്ടും എലിപ്പെണ്ണായ കഥ



പണ്ട് ഒരു വനത്തിനുള്ളിൽ ദിവ്യസിദ്ധികളുള്ള ഒരു മഹർഷി ജീവിച്ചിരുന്നു.

ഒരുദിവസം ഒരു കാട്ടുപൂച്ചയുടെ പിടിയിൽപ്പെടാതിരിക്കാൻവേണ്ടി ഓടിയോടി തളർന്നവശയായ ഒരു എലിക്കുട്ടി മഹർഷിയുടെ മുന്നിലെത്തി. മഹർഷിക്ക് എലിക്കുട്ടിയുടെ അവസ്ഥയിൽ വിഷമം തോന്നി. വീണ്ടും അത്തരം അപകടങ്ങൾ പിണയാതിരിക്കാനായി മഹർഷി തന്റെ ദിവ്യ സിദ്ധികൾ ഉപയോഗിച്ച് ആ എലിക്കുഞ്ഞിനെ ഒരു മനുഷ്യക്കുട്ടിയാക്കി മാറ്റി- അതി മനോഹരിയായ ഒരു പെൺകുഞ്ഞ്.

പെൺകുട്ടി മഹർഷിയെ ശുശ്രൂഷിച്ചും സഹായിച്ചും അങ്ങനെ വളർന്നു വളർന്നു യുവതിയായി. തന്റെ വളർത്തുമകളെ വിവാഹം കഴിപ്പിച്ചയയ്ക്കേണ്ട സമയമായി എന്നു മഹർഷി തീരുമാനിച്ചു. ലോകത്തിലെ ഏറ്റവും കരുത്തനായ ഒരാൾക്കുവേണം തന്റെ മകളെ വിവാഹം കഴിച്ചു കൊടുക്കാനെന്നുറപ്പിച്ചു മഹർഷി. മഹർഷി അതിനായി അന്വേഷണം ആരംഭിച്ചു.

'ലോകത്തിലെ ഏറ്റവും കരുത്തനാരാണ്?' മഹർഷി ആലോചിച്ചു. 'സൂര്യനായിരിക്കണം. ദിവസേനയുള്ള അയാളുടെ യാത്രയ്ക്ക് തടസ്സം വരുത്താൻ ഇതേവരെ ഒരു ശക്തിക്കുമായിട്ടില്ല. അപ്പോൾ പിന്നെ സൂര്യനേക്കാൾ ശക്തനാരുമില്ല'- മഹർഷി ഉറപ്പിച്ചു. അദ്ദേഹം സൂര്യനെ ധ്യാനിച്ച് തന്റെ ആഗ്രഹം അറിയിച്ചു.

'ഏറ്റവും കരുത്തനായ വ്യക്തിയെയാണ് അങ്ങ് അന്വേഷിക്കുന്നതെങ്കിൽ എന്നെ ഒഴിവാക്കണം' - സൂര്യൻ പറഞ്ഞു.

'എന്റെ കിരണങ്ങളെ തടയാനും എന്റെ ശക്തിക്കു തടസ്സമുണ്ടാക്കാനും കഴിയുന്നവരാണ് മേഘങ്ങൾ. അതുകൊണ്ട് അങ്ങ് മേഘത്തെ സമീപിച്ചാലും'.

മഹർഷി മേഘത്തെ സമീപിച്ച് കാര്യം പറഞ്ഞു. അപ്പോൾ മേഘം പറഞ്ഞു: 'സൂര്യ കിരണങ്ങളെ തടയാനെനിക്കാവുമെന്നത് സത്യം തന്നെ. പക്ഷേ, എന്നെ ആ ലക്ഷ്യത്തിൽ നിന്നും അടിച്ചു പറപ്പിക്കാൻ മാത്രം ശക്തനാണ് കാറ്റ്. അതുകൊണ്ട് എന്നേക്കാൾ ശക്തനായ കാറ്റായിരിക്കും അങ്ങയുടെ മകൾക്ക് അനുരൂപനായ വരൻ.'

അടുത്തതായി മഹർഷി കാറ്റിനെകണ്ട് വിവരം ധരിപ്പിച്ചു. കാറ്റിന്റെ മറുപടി ഇങ്ങനെയായിരുന്നു- 'ഗുരോ, ഞാൻ മേഘത്തേയും പറത്തിക്കൊണ്ടു പോകുമ്പോൾ എന്നെയും മേഘത്തെയും ഒരുമിച്ചു തടുത്തുനിർത്താൻ മാത്രം ശേഷിയുള്ളവനാണ് പർവതം. അതുകൊണ്ട്, അങ്ങ് പർവതത്തെ സമീപിച്ചാലും'.

അങ്ങനെ മഹർഷി പർവതത്തിനടുത്തെത്തി കാര്യം പറഞ്ഞു. പർവതം പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു- 'കാറ്റിന്റെ ശക്തി എന്റെ ശക്തിക്കു മുന്നിൽ ഒന്നുമല്ല. പക്ഷേ, എനിക്കുമുണ്ട് എന്നെ ദുർബലനാക്കിക്കൊണ്ടിരിക്കുന്ന ശത്രുക്കൾ'

'അതാരാണ്?'- മഹർഷി ചോദിച്ചു.

'അതാ, എന്റെ അടിത്തട്ടിലേക്കു നോക്കൂ. എന്നെ കാർന്നു കാർന്നു മാളങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്ന എലികളും പെരിച്ചാഴികളും. അവർ വിചാരിച്ചാൽ എന്റെ ഒരുവശം മുതൽ മറ്റേയറ്റം വരെ എത്തുന്ന തുളകളുണ്ടാക്കാൻ കഴിയും. അങ്ങനെ സ്ഥിരതയും ഔന്നത്യവും നഷ്ടപ്പെട്ട് എന്റെ ഈ ഭീമാകാരമായ ശരീരം നിലംപറ്റും. ഇവരാണ് എന്നെയും തോല്പിക്കാൻ കഴിവുള്ളവർ'.

അതുകേട്ട് മഹർഷി അത്ഭുത സ്തബ്ധനായി നിന്നു. ആർക്കും കീഴടക്കാനാവാത്ത ഒരു വീരനുമില്ലെന്നും ഏതു ജീവിക്കും അതിന്റെ കഴിവുകളെക്കൊണ്ട് ചിലരെയെങ്കിലും തോല്പിക്കാനാകുമെന്നും മഹർഷി മനസിലാക്കി.

ആശ്രമത്തിൽ തിരിച്ചെത്തിയ മഹർഷി താൻ മനുഷ്യ യുവതിയാക്കി മാറ്റിയ എലിക്കുട്ടിയെ വീണ്ടും എലിക്കുട്ടിയാക്കി മാറ്റി. ഇടയ്ക്കു സംഭവിച്ച രൂപമാറ്റത്തെക്കുറിച്ചുള്ള ഓർമ്മകളൊന്നും കൂടാതെ ആ എലിക്കുട്ടി എലികളുടെ താവളം തേടി ഓടിപ്പോയി.

– സമ്പാദക: അജിത